## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 629** — **07-01-2014 ലെ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.റ്റി.യു.കുരുവിള :<br>ശ്രീ.സി.എഫ്.തോമസ് : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) | കാരുണ്യ ബനവലന്റ് പദ്ധതിയിലൂടെ നാളിതുവരെ എത്ര പേർക്ക് ചികിത്സാ സഹായം ലഭിച്ചു എന്ന് വ്യക്തമാക്കുമോ? | എ) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിലൂടെ 31.12.2013 വരെ 27,275 രോഗികൾക്ക് ചികിത്സാ ധനസഹായം അനുവ ദിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയിൽ അർഹതപ്പെട്ട ബി.പി.എൽ.ക്കാർക്ക് ആവശ്യമായി വരുന്ന പക്ഷം കൂടുതൽ തുക അനുവദിക്കുന്നതിന് നടപടി ഉണ്ടാകുമോ? | ബി) | നിലവിൽ വാർഷിക വരുമാനം 3 ലക്ഷത്തിൽ താഴെയുള്ള കുടുംബത്തിന് ബി.പി.എൽ-എ.പി.എൽ വ്യത്യാസമില്ലാതെ പരമാവധി 2 ലക്ഷം രൂപവരെ ചികിത്സാ സഹായം നൽകുന്നുണ്ട്. ചികിത്സാ ധന സഹായത്തിന്റെ പരിധി വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. |
| സി) | കാരുണ്യ ബനവലന്റ് പദ്ധതി വിപുലപ്പെടുത്തുന്നതിന് നടപടിയുണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ. | സി) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ കാരുണ്യ പദ്ധതി ഗുണഭോക്താക്കൾക്കു കൂടി ലഭ്യമാകണമെന്ന ഉദ്ദേശത്തോടെ പദ്ധതി പാക്കേജുകളും നിരക്കും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിനു തയ്യാറായി വന്നിട്ടുള്ള 60 സർക്കാരിതര ആശു പത്രികളും 28 ഡയാലിസിസ് സെന്ററുകളും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടു വന്നിട്ടുണ്ട്. പാക്കേജുകൾ അംഗീകരിക്കുന്ന കൂടുതൽ സ്വകാര്യ ആശുപത്രികളെ കുടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br>കേന്ദ്ര സംസ്ഥാന സർക്കാരുകൾ നല്കുന്ന ചിസ്പ്ലസ് ഉൾപ്പെടെയുള്ള എല്ലാ ചികിത്സാ ധനസഹായങ്ങളും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി ധനസഹായത്തിൽ നിന്നും കുറവു ചെയ്യുന്നത് ഒഴിവാക്കിയിട്ടുണ്ട്.<br>നിലവിൽ പദ്ധതി പ്രകാരം ചികിത്സാ സഹായം നൽകുന്നതിനുള്ള രോഗങ്ങൾക്ക് പുറമെ താലസീമിയ, സിക്കിൾസെൽ അനീമിയ, ഗുരുതരമായ മാനസിക രോഗം എന്നി രോഗങ്ങൾക്കുള്ള ചികിത്സയ്ക്കും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് നടപടിക്ര[illegible] ശുപാർശ ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| | | കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സാ ധനസഹായം നല്കാവുന്ന രോഗികൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സ കഴിഞ്ഞതിനുശേഷം തുടർ ചികിത്സയ്ക്കായി ധനസഹായം നല്കുന്നതിനുള്ള സാധ്യതകൾ വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഹെൽത്ത് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | കാരുണ്യ ബനവലന്റ് പദ്ധതിയുടെ ഗുണഫലങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ പദ്ധതിയുടെ ഗുണഫലങ്ങൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഡോക്യുമെന്ററി നിർമ്മിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. കൂടാതെ ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള കാരുണ്യ സംഗമങ്ങളും നടത്തു ന്നുണ്ട് |

സെക്ഷൻ ഓഫീസർ